LIBRARY ARCHIVES Kerala Legislative Assembly

കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം

75 (81) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകുമോ?

കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017 പ്രകാരം കുറ്റകൃത്യങ്ങളെ അതിജീവിച്ചവർക്കും കുറ്റകൃത്യങ്ങൾക്ക് വിധേയരായി മരണമടഞ്ഞവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകിവരുന്നു. ക്രിമിനൽ നടപടിക്രമത്തിലെ 357 A വകുപ്പ് പ്രകാരം 2014-ൽ നിലവിൽവന്ന ഈ പദ്ധതി 2017-ൽ പുതുക്കുകയും കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017 എന്ന് അറിയപ്പെടുകയും ചെയ്യുന്നു. 2021 വർഷത്തിൽ സുപ്രീംകോടതി നിർദ്ദേശപ്രകാരം, 20-2-2021-ൽ G.O (MS)No.59/ 2021/Home പ്രകാരം പ്രസ്തുത പദ്ധതിയിൽ ഭേദഗതി വരുത്തി compensation scheme for women victims/survivors of sexual assault/other crimes എന്നത് രണ്ടാം അദ്ധ്യായത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. കേരള സംസ്ഥാനത്തിനകത്തുവച്ച് നടന്ന കുറ്റകൃത്യങ്ങളിൽപ്പെട്ട ഇരകൾക്കും ആശ്രിതർക്കുമാണ് ഈ പദ്ധതിപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) പദ്ധതി നിലവിലുണ്ടെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അനധികൃത സ്വത്ത് സമ്പാദനം

76 (82) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്വത്ത് സമ്പാദന കേസ്സിൽ ഏതെല്ലാം മുൻ എം.എൽ.എ.-മാർക്കെതിരെയാണ് വിജിലൻസ് കേസ്സുകൾ എടുത്തിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.